# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5816

28.03.2018 ൽ മറുപടിക്ക്

## പുതുവൈപ്പിലെ എൽ.പി.ജി. ടെർമിനൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.ഡി. സതീശൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | പുതുവൈപ്പിലെ എൽ.പി.ജി. ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞ എട്ട് മാസമായി സ്തംഭനാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ടെർമിനൽ നിർമ്മാണം സുരക്ഷാ പ്രശ്നങ്ങൾക്കിടയാക്കുമെന്ന് ചൂണ്ടിക്കാട്ടി പ്രദേശ വാസികൾ പ്രക്ഷോഭം നടത്തിയതിനെത്തുടർന്ന് നിർമ്മാണം താൽക്കാലികമായി തടസ്സ-പ്പെട്ടിട്ടുണ്ട്. |
| (ബി) | എൽ.പി.ജി. ടെർമിനലിന്റെ പണി തുടരുന്നതിന് ദേശീയ ഹരിത ട്രൈബ്യൂണൽ അനുമതി നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പദ്ധതിയുമായി മുന്നോട്ടുപോകുവാൻ സംസ്ഥാന സർക്കാർ അനുമതി നൽകുവാൻ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | (സി) | പ്രദേശവാസികളുടെ ആശങ്കകളുടെ അടിസ്ഥാനത്തിൽ 21.06.2017 ൽ സർക്കാർ ജനപ്രതിനിധികളുടേയും സമരനേതാക്കളുടേയും വിവിധ കക്ഷിനേതാക്കളുടേയും IOCL പ്രതിനിധികളുടേയും ഒരു യോഗം വിളിച്ചുചേർത്തു. പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ 2010 ൽ ലഭിച്ച പാരിസ്ഥിതികാനുമതി അനുസരിച്ചാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഡോ. എം. പൂർണ്ണചന്ദ്ര റാവു തലവനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ച് പ്രസ്തുത കമ്മിറ്റി 2017 |

| | | | |
|---|---|---|---|
| | | | ഒക്ടോബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതിയുടെ ശിപാർശകളിൽ നടപ്പാക്കാൻ കഴിയുന്നവ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

Bindu T

സെക്ഷൻ ഓഫീസർ.